**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ കേരള ഘടകത്തിന് **2024-25** സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.**139/2025/CLAD** തീയതി,തിരുവനന്തപുരം, **18-03-2025**

---

പരാമർശം:-
1. സ.ഉ.(സാധാ.)നം.**438/2024**/സാം.കാ.വ തീയതി: **08.08.2024.**
2. സ.ഉ.(സാധാ.)നം.**690/2024**/സാം.കാ.വ തീയതി: **02.12.2024.**
3. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ-കേരള ഘടകം റീജിയണൽ സെക്രട്ടറിയുടെ **07.01.2025** ലെ കത്ത്.
4. സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന്റെ **29.01.2025** ലെ എ.**2/970/24**/സാം.വ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ- കേരള ഘടകത്തിന് **2024-25** സാമ്പത്തിക വർഷത്തെ ബജറ്റിൽ **2205-00-102-39** (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിരിക്കുന്ന **50,00,000/-** (അമ്പത് ലക്ഷം) രൂപയിൽ നിന്നും പരാമർശം (1) പ്രകാരം ഒന്നാം ഗഡുവായി **10,00,000/-**(പത്ത് ലക്ഷം) രൂപയും പരാമർശം (2) പ്രകാരം രണ്ടാം ഗഡുവായി **17,50,000/-** (പതിനേഴ് ലക്ഷത്തി അൻപതിനായിരം) രൂപയും അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് അനുമതി നൽകി ഉത്തരവായിരുന്നു. ടി തുക ഫെഡറേഷന്റെ പ്രവർത്തനങ്ങൾക്കും ഫിലിം സൊസൈറ്റികൾക്ക് ഗ്രാന്റായും പൂർണ്ണമായും ചെലവഴിച്ചതായും അവശേഷിക്കുന്ന തുകയായ **22,50,000/-** രൂപ അടിയന്തിരമായി അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം റീജിയണൽ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. സർക്കാരിന്റെ നിലവിലെ ധനനിയന്ത്രണ പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് മൂന്നാം ഗഡു അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷൻ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ-കേരള ഘടകത്തിന് **2024-25** സാമ്പത്തിക

വർഷം "2205-00-102-39(NP)" ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിരിക്കുന്ന 50,00,000/-രൂപയിൽ നിന്നും മൂന്നാം ഗഡുവായി 8,50,000/- രൂപ (എട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക ഓൺലൈനായി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ രേഖകളും ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ-കേരള ഘടകം റീജിയണൽ സെക്രട്ടറി, സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് സമർപ്പിക്കേണ്ടതും, തുക കൈപ്പറ്റി 3 മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാന അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷനും സമർപ്പിക്കേണ്ടതാണ്. തുക പിൻവലിക്കുന്നത് ഫണ്ട് റിലീസിംഗ് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടായിരിക്കും.

4. 04.01.2021 ലെ സർക്കുലർ നം.1/2021/ധന ലെ നിബന്ധന പ്രകാരം STSB അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്. അടുത്ത ഗഡുവിനായി പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം എന്നിവ കൂടി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
റീജിയണൽ സെക്രട്ടറി, ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ-കേരള, സ്റ്റാച്യൂ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ധനകാര്യ വകുപ്പ് (18.03.2025 ലെ (E.2857893) EDN-C5/234/2024-FIN പ്രകാരം).
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Renju. A. R
Date: 18-03-2025 15:09:08

സെക്ഷൻ ഓഫീസർ